**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 539** **05-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം യഥാസമയം അവലോകനം നടത്തി അവയുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറുമുള്ള റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് റിയാബ് മുഖേന അവലോകനത്തിന് വിധേയമാക്കി വരുന്നു. ടി സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് പ്രവർത്തനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾക്കാണ് ഈ സർക്കാർ മുൻഗണന നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ നയങ്ങൾ അവലംബിച്ചുകൊണ്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ച് തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ധരുടേയും അഭിപ്രായങ്ങൾ പരിഗണിച്ചതിനുശേഷം മാസ്റ്റർ |

| | | | |
|---|---|---|---|
| | | | പ്ലാനുകൾ സർക്കാരിന് സമർപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചു കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭകരമാക്കുന്നതിനും വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകി വരുന്നുണ്ട്.  പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.  കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റേയും സുതാര്യമാക്കുന്നതിന്റേയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ്  സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന യൂണിറ്റുകൾ ലാഭകരമാക്കുന്നതിന് ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറുമുള്ള റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് റിയാബ് മുഖേന അവലോകനത്തിന് വിധേയമാക്കി വരുന്നു. ടി  സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്  സംവിധാനവും പ്രത്യേക അവലോകനത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ച് പ്രവർത്തനം കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾക്കാണ് ഈ സർക്കാർ മുൻഗണന നൽകിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും |

നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിദ്ധ്യവത്ക്കരണം എന്നീ നയങ്ങൾ അവലംബിച്ചുകൊണ്ടുള്ള പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ച് തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം മേഖലകൾ തിരിച്ച് അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളിന്മേൽ ഉന്നതതല നിർദ്ദേശങ്ങളും, കമ്പനികളിലെ ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും വിദഗ്ധരുടേയും അഭിപ്രായങ്ങൾ പരിഗണിച്ചതിനുശേഷം മാസ്റ്റർ പ്ലാനുകൾ സർക്കാരിന് സമർപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചു കഴിഞ്ഞാൽ അതിനെ അടിസ്ഥാനമാക്കിയായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭകരമാക്കുന്നതിനും വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം അതിജീവിക്കത്തക്ക വിധത്തിൽ ഉൽപ്പാദന സേവന സംവിധാനങ്ങളിൽ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും സർക്കാർ പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. ഇതിനായി പ്രത്യേക സാമ്പത്തിക സഹായം ബഡ്ജറ്റിൽ വകയിരുത്തി നൽകി വരുന്നുണ്ട്. പ്രവർത്തന മൂലധനത്തിന് അപര്യാപ്തത നേരിടുന്ന സ്ഥാപനങ്ങൾക്കും പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തി നൽകുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി അതാത് മേഖലകളിൽ വിദഗ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റേയും സുതാര്യമാക്കുന്നതിന്റേയും ഭാഗമായി നൂതന ഇലക്ട്രോണിക് ഗവേണൻസ് സംവിധാനങ്ങൾ

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ സിൽക്ക് നഷ്ടത്തിലാണോ ലാഭത്തിലാണോ ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ സിൽക്ക് ഫൗണ്ടറി യൂണിറ്റ് നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിൽക്കിനെ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | സിൽക്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ലാഭകരമാക്കുന്നതിനും താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു 1) എസ്.എഫ്.യു, ഫൗണ്ടറി യൂണിറ്റുകളുടെ ആധുനികവത്ക്കരണത്തിനായി 6.30 കോടി രൂപ വകയിരുത്തിയതിൽ 1.68 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. 2)എസ്.എഫ്.യു യൂണിറ്റിന്റെ ആധുനികവത്ക്കരണത്തിനും, അഴീക്കൽ യൂണിറ്റിലെ ഡ്രൈഡോക്കിംഗ് സ്ലിപ്പ് വേ പണിയുന്നതിനുമായി 7 കോടി 50 ലക്ഷം രൂപ വകയിരുത്തിയതിൽ 6 കോടി 75 ലക്ഷം രൂപ കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. 4 കോടി രൂപ എസ്.എഫ്.യു യൂണിറ്റിനും അഴീക്കൽ യൂണിറ്റിനു 3.50 കോടി രൂപയും അനുവദിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 3) പുതിയ മെഷിനറികൾ വാങ്ങുന്നതിനും പഴയ മെഷിനറികളുടെ അപ്ഗ്രേഡഷനുമായി 7 കോടി രൂപ വകയിരുത്തിയതിൽ 3 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ വർക്കിംഗ് കാപ്പിറ്റൽ ആയി 3 കോടി രൂപയും കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവ കൂടാതെ സിൽക്കിന്റെ ഉത്പാദന യൂണിറ്റുകളുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി നിലവിൽ Short term (2021-2023), Medium term (2023-2025), Long term (2025-2030) എന്നീ കാലയളവിലേയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ